# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4241

16/12/2014-ൽ മറുപടിക്ക്

### പ്രാക്തന ഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പ്രാക്തന ഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് അട്ടപ്പാടിയിലെ ആരോഗ്യ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ; | (എ) | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രത്യേക അവാർഡായി ലഭിച്ച തുകയിൽനിന്നും അട്ടപ്പാടിയിലെ പ്രാക്തന ഗോത്രവർഗ്ഗത്തിൽ കുറുംബ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി മാസംതോറും 25 കിലോ അരിയും, വൻപയർ, ചെറുപയർ, കടല, വെളിച്ചെണ്ണ ,പഞ്ചസാര എന്നീ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടാതെ, HLL FPPT മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് കോളനി സന്ദർശിച്ച് ചികിത്സാ സൗകര്യവും ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി തുടർ ചികിത്സയ്ക്ക് നടപടികൾ സ്വീകരിക്കുകയും ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു. |
| (ബി) | ഈ ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം രൂപീകരിച്ചു; ഓരോ യൂണിറ്റിന്റെയും ഉത്തരവാദിത്തവും ചുമതലയും വിശദമാക്കുമോ; | (ബി) | HLL FPPT മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ടി മെഡിക്കൽ യൂണിറ്റ് മണ്ണാർക്കാട് ബ്ലോക്കിലെ 3 പഞ്ചായത്തുകളിലും അട്ടപ്പാടി പുതൂർ പഞ്ചായത്തിലും പ്രവർത്തിച്ചുവരുന്നു. ടി മൊബൈൽ മെഡിക്കൽ യൂണിറ്റ് കോളനികൾ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി തുടർ ചികിത്സ ലഭ്യമാക്കുന്നതിനും മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ യൂണിറ്റുകൾ നടത്തിയതെന്ന് വിശദമാക്കുമോ; | (സി) | കോളനികൾ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ളവർക്ക് ചികിത്സയും മരുന്നും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ടോ; എത്ര യോഗങ്ങൾ നടത്തി; അവസാനം നടത്തിയ യോഗം എന്നായിരുന്നു; എന്തായിരുന്നു ആ യോഗത്തിന്റെ വിലയിരുത്തൽ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്; മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച 10/13 മുതൽ എല്ലാ മാസവും ടി യൂണിറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകന യോഗം നടത്തുന്നുണ്ട്. അവസാന യോഗം 07.10.2014 ന് നടന്നു. വിദഗ്ധ ചികിത്സ ആവശ്യമുള്ളതായി കണ്ടെത്തിയ മൂന്ന് പേർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | എത്ര രൂപ പ്രസ്തുത മെഡിക്കൽ യൂണിറ്റുകൾക്കായി ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (ഇ) | 10/13 മുതൽ ആരംഭിച്ച ടി മെഡിക്കൽ യൂണിറ്റ് 10/14 വരെ 1,75,00,000/- രൂപ ചെലവഴിച്ചു. |

R. [signature]

**സെക്ഷൻ ഓഫീസർ**